"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട ചെന്നീർക്കര എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. (ഗണിതം) ശ്രീമതി അഞ്ജലി റ്റി. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3795/2026/GEDN തീയതി,തിരുവനന്തപുരം, 05-06-2026

പരാമർശം:- 1. ശ്രീമതി അഞ്ജലി റ്റി. സമർപ്പിച്ച റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/05/2025-ലെ ഇ.റ്റി.3/3839/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ചെന്നീർക്കര എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. (ഗണിതം) ശ്രീമതി അഞ്ജലി റ്റി. കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 43 അവകാശിയായ തന്റെ എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനത്തിന് 30.09.2022 വരെ യു.പി.എസ്.റ്റി. തസ്തികയിൽ നിലനിർത്തി 01.10.2022 മുതൽ അംഗീകാരം നൽകുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. ടി വിഷയത്തിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം(2)പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

"ചെന്നീർക്കര എസ്.എൻ.ഡി.പി.എച്ച്.എസിലെ യു.പി.എസ്.റ്റി. ശ്രീമതി കെ.ആർ.ഗീത 31/03/2020 ൽ വിരമിച്ച ഒഴിവിലേക്ക് ശ്രീമതി അഞ്ജലി റ്റി. യെ മാനേജർ 15/07/2021 മുതൽ യു.പി.എസ്.റ്റി. തസ്തികയിൽ നിയമിച്ചു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/07/2021 ലെ H2/19500/19 പ്രകാരം 2021-22 വർഷത്തെ നിയമനങ്ങൾ 15/07/2021 മുതൽ നടത്തേണ്ടതെന്നും ഇതിനു മുൻപായി മേപ്പടി വർഷത്തിൽ നടത്തിയ നിയമനങ്ങൾ മടക്കി നൽകുവാനും നിർദ്ദേശിച്ചിരുന്നു. ആയതിനാൽ 15/07/2021 പ്രാബല്യത്തിൽ നിയമനം നടത്തി സമർപ്പിക്കുവാൻ നിർദേശിച്ചുകൊണ്ടു ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി അപേക്ഷ മടക്കി നൽകിയിരുന്നു. ഇതിനെതിരെ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകിയിരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 17/06/2023 തീയതിയിലെ സർക്കുലർ H2/295299/2021 പ്രകാരം മേൽ നിയമനംഗീകാര ശിപാർശ ചട്ട പ്രകാരം പുനഃപരിശോധിച്ച് തീർപ്പ് കല്പിക്കുന്നതിന് പത്തനംതിട്ട വിദ്യാഭ്യാസ

ഉപഡയറക്ടർ ഉത്തരവ് നൽകിയിരുന്നു.

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു:ഹൈക്കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ, ജി.ഒ.(പി) നം.19/2021 പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15/07/2021 ന ശേഷം മാനേജർ നടത്തിയ നിയമനങ്ങൾക്ക് ബഹു:ഹൈക്കോടതി സ്റ്റേ ഏർപ്പെടുത്തിയിരുന്നു. ആയതിനാൽ ശ്രീമതി അഞ്ജലി റ്റി.യുടെ യു.പി.എസ്.ടി തസ്തികയിലെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച നൽകി. തുടർന്ന് ടി സ്കൂളിൽ 2022-23 വർഷം എച്ച്.എസ്. വിഭാഗത്തിൽ ഒരു എച്ച്.എസ്.ടി മാത്സ് ന്റെ അധിക തസ്തികയ്ക്ക് സാധ്യത ഉള്ളതിനാൽ ശുപാർശ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ആയതു അനുവദിച്ച ഉത്തരവ് ലഭ്യമാകുന്നതിന് മുൻപ് തന്നെ ടി തസ്തികയിലേക്കു മാനേജർ 22/06/2022 മുതൽ ടി സ്കൂളിലെ യു.പി.എസ്.റ്റി ശ്രീമതി അഞ്ജലി റ്റി.യെ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. നിയമനം സമർപ്പിക്കുന്നതിൽ 3 ദിവസത്തെ കാലതാമസം നേരിട്ടു. കൂടാതെ 15/07/2021 മുതലുള്ള യു.പി.എസ്.റ്റി. തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടില്ല എന്നീ കാരണത്താൽ സ്ഥാനക്കയറ്റ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

തുടർന്നു സർക്കാർ കത്ത് നം.JR1/502/2023/പൊവിവ തീയതി 01/11/2023 പുറത്തെഴുത്ത് ഉത്തരവ് നം.H2/15133/23 തീയതി 01/11/2023, എന്നിവ പ്രകാരം 18/11/2018 മുതൽ 08/11/2021 വരെയുള്ള ഒഴിവുകളിലെ നിയമനങ്ങളിൽ ശമ്പള സ്കെയിലിൽ താൽക്കാലിക നിയമനം നല്കാൻ ഉത്തരവായി. അപ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്നത് വരെ ഭിന്നശേഷി നിയമന വ്യവസ്ഥകൾക്ക് വിധേയമായി 25200-54000 എന്ന ശമ്പള സ്കെയിലിൽ ശ്രീമതി അഞ്ജലി റ്റി.യുടെ 15/07/2021 മുതലുള്ള നിയമനം താൽക്കാലികമായി അംഗീകരിച്ച നൽകി.

ശ്രീമതി അഞ്ജലി റ്റി.യുടെ സ്ഥാനക്കയറ്റ നിയമനം, 2022-23 വർഷത്തെ ഒരു എച്ച്.എസ്.റ്റി. മാത്സ് അധിക തസ്തികയ്ക്ക് സാധ്യത ഉള്ള ഒഴിവിലേക്കായിരുന്നു. 2022-23 വർഷം എച്ച്.എസ്. വിഭാഗത്തിൽ ഒരു എച്ച്.എസ്.റ്റി. മാത്സ് ന്റെ അധിക തസ്തികയ്ക്ക് സാധ്യത ഉള്ളതിനാൽ ശുപാർശ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ആയതു അനുവദിച്ച ഉത്തരവ് ലഭ്യമാകുകയും ചെയ്തു. എന്നാൽ അനുവദിച്ച ഉത്തരവ് ലഭ്യമാകുന്നതിന് മുൻപ് തന്നെ ടി തസ്തികയിലേക്കു മാനേജർ ശ്രീമതി അഞ്ജലി റ്റി.യ്ക്ക് ടി തസ്തികയിൽ 22/06/2022 മുതൽ നിയമനം നൽകി. കൂടാതെ നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ 3 ദിവസത്തെ കാലതാമസം മാപ്പാക്കി ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീമതി അഞ്ജലി റ്റി. യുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ച നൽകുവാൻ സാധിക്കില്ലായെന്ന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫിസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

3.സർക്കാർ ഈ വിഷയം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പത്തനംതിട്ട ചെന്നീർക്കര എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്. ലെ ശ്രീമതി അഞ്ജലി റ്റി. യുടെ യു.പി.എസ്.റ്റി. തസ്തികയിലെ നിയമനം ഭിന്നശേഷി ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്നത് വരെ ഭിന്നശേഷി നിയമന വ്യവസ്ഥകൾക്ക് വിധേയമായി 25200-54000 എന്ന ശമ്പള സ്കെയിലിൽ 15/07/2021 മുതൽ താൽക്കാലികമായി അംഗീകരിച്ച നൽകിയിട്ടുണ്ട്.

4.ശ്രീമതി അഞ്ജലി റ്റി.യുടെ എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിലേക്കുള്ള

സ്ഥാനക്കയറ്റ നിയമനം, 2022-23 വർഷത്തെ എച്ച്.എസ്.റ്റി. ഗണിതം അധിക തസ്തികയിലായിരുന്നു. എന്നാൽ അധിക തസ്തിക അനുവദിച്ച ഉത്തരവ് ലഭ്യമാകുന്നതിന് മുൻപ് തന്നെ ടി തസ്തികയിലേക്കു മാനേജർ ശ്രീമതി അഞ്ജലി റ്റി.യ്ക്ക് 22/06/2022 മുതൽ നിയമനം നൽകിയതിനാലും നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ 3 ദിവസത്തെ കാലതാമസം മാപ്പാക്കി ലഭിച്ചിട്ടില്ലാത്തതിനാലും ശ്രീമതി അഞ്ജലി റ്റി. യുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചു നൽകുവാൻ സാധിക്കില്ലായെന്ന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫിസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5.കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 43 അവകാശിയായ ഹർജിക്കാരിയുടെ എച്ച്.എസ്.റ്റി.(ഗണിതം) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനത്തിന് 30.09.2022 വരെ യു.പി.എസ്.റ്റി. തസ്തികയിൽ നിലനിർത്തി 01.10.2022 മുതൽ അംഗീകാരം നൽകുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്നതാണ് മാനേജരുടെ ആവശ്യം.

6.പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ/അതാതു മാനേജ്മെന്റിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി അനുസരിച്ചു പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാവുന്നത് എങ്കിൽ അവർക്കു ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും, ടി തസ്തികയിലെ ശമ്പളവും അനുവദിക്കുവാനും പരിണിത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്കു ഒഴിവു വരുന്ന തീയതി പരിഗണിച്ചു പ്രൊവിഷണലായോ, ദിവസവേതനത്തിലോ ഏതാണോ ബാധകമാകുന്നത് അപ്രകാരവും നിയമനാംഗീകാരം നൽകാവുന്നതാണ് എന്നും ടി വ്യവസ്ഥ ഹയർ സെക്കണ്ടറി വരെയുള്ള നിയമനകൾക്കു ബാധകവുമാണ് എന്നും 19/12/2024 ലെ JR1/336/2024/GEDN Part(2) നമ്പർ സർക്കാർ കത്തുപ്രകാരം പൊതു വിദ്യഭ്യസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

7. 20.04.2022 ലെ SRO No 375/2022 (18.04.2022 ലെ സ.ഉ. (അച്ചടി) 5/2022/പൊ.വി.വ.) പ്രകാരമുള്ള KER ഭേദഗതി അനുസരിച്ച് അധിക തസ്തികയ്ക്ക് ഒക്ടോബർ മാസം 1 മുതൽ മാത്രമേ പ്രാബല്യം ഉള്ളൂ എന്നതിനാൽ മാനേജർ നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ 3 ദിവസത്തെ കാലതാമസം മാപ്പാക്കി കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 43 അവകാശിയായ ഹർജിക്കാരിയുടെ എച്ച്.എസ്.റ്റി.(ഗണിതം) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനത്തിന് 30.09.2022 വരെ യു.പി.എസ്.റ്റി. തസ്തികയിൽ നിലനിർത്തി 01.10.2022 മുതൽ അംഗീകാരിച്ച് നൽകുന്നതിന് വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8.മേൽപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി അഞ്ജലി റ്റി., ഹൈസ്കൂൾ ടീച്ചർ (ഗണിതം), എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂൾ, ചെന്നീർക്കര, ചെന്നീർക്കര പി.ഒ., പത്തനംതിട്ട-689 503.

മാനേജർ, എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂൾ, ചെന്നീർക്കര, ചെന്നീർക്കര പി.ഒ., പത്തനംതിട്ട-689 503.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട, തിരുവല്ല.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (10.03.2026 ലെ GE-JA3/668/2025-G.EDN പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/21/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 05-06-2026 14:32:14
സെക്ഷൻ ഓഫീസർ